(ബി) ഇല്ല. കുടിശ്ശിക നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

പ്ലസ് ടൂ സ്കൂളുകളിലെ അധികമുള്ള ലാബ് അറ്റൻഡർമാരെ പുനർവിന്യസിപ്പിക്കുന്ന നടപടി

107 (705) ശ്രീ. ഇസഹാക് കുരിക്കൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു സ്കൂളുകളിൽ രണ്ട് ലാബ് അറ്റൻഡർമാരുടെ തസ്തിക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുള്ള സ്റ്റാഫ്പാറ്റേൺ പ്രകാരം നേരത്തേ കൂടുതലായി നിയമിച്ചവരുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുമോ ;

(ബി) അധികമുള്ള ലാബ് അറ്റൻഡർമാരെ എങ്ങനെ പുനർവിന്യസിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) ഇപ്പോൾ അവർ ചെയ്യുന്ന ജോലിക്ക് വേതനം നൽകുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സയൻസ് ബാച്ചുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 28-3-2003-ലെ ഗവൺമെന്റ് ഉത്തരവ് ജി. ഒ. (എംഎസ്.) നമ്പർ 71/2003/ബാ.വി.വ. പ്രകാരം രണ്ട് ലബോറട്ടറി അസിസ്റ്റന്റുമാരുടെ തസ്തികകളാണ് ഗവൺമെന്റ് സൃഷ്ടിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന് മുമ്പ് തസ്തികകളില്ലാതിരിക്കെ മാനേജർ സ്വേച്ഛാപരമായി നിയമിച്ചിട്ടുള്ള ലാബ് അസിസ്റ്റന്റുമാരുടെ നിയമനം സാധൂകരിക്കാൻ നിർവാഹമില്ല. എന്നാൽ മുമ്പ് അനുവദിച്ചിരുന്ന തസ്തികകളിൽ നിയമിക്കപ്പെടുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തിട്ടുള്ള ലാബ് അസിസ്റ്റന്റുമാരെ 28-3-2003-ലെ ഉത്തരവ് ബാധിക്കുന്നതല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ

108 (706) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അഴിച്ച് പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഈ മേഖലയിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദമായ പഠനം നടത്തി വരുന്നു.

(ബി) സംസ്ഥാന വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പും, സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി പഠനം നടത്തിവരുന്നു.

(സി&ഡി) സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതാണ്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പുതിയ കോഴ്സുകൾ

109 (707) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ള കോഴ്സുകളിൽ മാറ്റം വരുത്തി ഈ വർഷം മുതൽ പുതിയ കോഴ്സുകൾ തുടങ്ങുവാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, അത്തോളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയിൽ ഇപ്പോൾ അനുവദിക്കപ്പെട്ട കോഴ്സുകൾ ഏതൊക്കെയാണെന്നും പുതിയ കോഴ്സുകൾ തുടങ്ങുന്നുവെങ്കിൽ അവ ഏതൊക്കെ കോഴ്സുകളാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല. ഇക്കാര്യം പരിഗണനയിലുണ്ട്.

(ബി) തീരുമാനമായിട്ടില്ല.

(സി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ബോയ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ മെയിന്റനൻസ് ആന്റ് റിപ്പയേഴ്സ് ഓഫ് റേഡിയോ ആന്റ് ടെലിവിഷൻ, സിവിൽ കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ് എന്നീ കോഴ്സുകളും അത്തോളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ക്ലോത്തിംഗ് ആന്റ് എംബ്രോയിഡറി, റിസപ്ഷൻ ബുക്ക് കീപ്പിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ, ഡൊമസ്റ്റിക് നഴ്സിംഗ് എന്നീ കോഴ്സുകളും നടത്തി വരുന്നു. പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly